(ബി) മത്സ്യഫെഡ് ചെയർമാൻ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എന്നിവർ തീരദേശ വികസന അതോറിറ്റിയുടെ ഗവേണിംഗ് ബോഡിയിൽ അംഗങ്ങളാണ്.

(സി) തിരുവനന്തപുരം.

ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന വികസന പരിപാടികൾ

155 [1094] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഇപ്പോൾ ഏറ്റെടുത്ത പ്രവൃത്തികളെ സംബന്ധിച്ചും അവ ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ പാലക്കോട് ഫിഷ്ലാന്റിംഗ് സെന്റർ നവീകരണം ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പാലക്കോട് ഫിഷ്ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട് എന്തെല്ലാം നവീകരണപ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 26-12-2004-ൽ ഉണ്ടായ സുനാമിമൂലം കേരളത്തിലെ വിവിധ മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യബന്ധന കേന്ദ്രങ്ങൾ, ഫിഷറീസ് റോഡുകൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങളും കേടുപാടുകളും പരിഹരിക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തികളാണ് എ. ഡി. ബി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രവൃത്തികൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല. തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) എ. ഡി. ബി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ പാലക്കോട് ഫിഷ്ലാന്റിംഗ് സെന്ററിനുണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) പാലക്കോട് ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിലവിലുള്ള സൗകര്യങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly